

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 9 Issue 7 Sept. 2023

# ഉള്ളടക്കം


അമ്മ മനസ്സുണ്ടെങ്കിൽ ശുശ്രൂഷയിൽ സന്തോഷിക്കാം. .................... 01

ശിൽപശാല – ഫോക്കസ് 2023 .................... 05

സ്വാതന്ത്ര്യ ദിനാഘോഷം ജൂബിലിയിൽ .................... 07

മരണം തോറ്റു ഹരിദാസിനു മുന്നിൽ .................... 08

ഓണനിലാവ് 2023 .................... 11

നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം .................... 13

മുലയൂട്ടൽ വാരാചരണം .................... 14

പ്രവർത്തിയിലൂടെ പ്രതീക്ഷ നൽകുക .................... 15

ദേശീയ അലുമിനി ശില്പശാല .................... 19

സന്തോഷവാനായ ഭർത്താവ് .................... 20

നേഴ്സ് ലെഡ് ക്ലിനിക്ക് .................... 21

പ്രഷർ ഇൻഞ്ച്വറി CNE .................... 22

ഐഡിയത്തോണിൽ പുരസ്കാരം .................... 23

ORS DAY .................... 24

WELCOME TO JUBILEE FAMILY .................... 29

ച്യവനപ്രാശ രസായനം .................... 30

RESEARCH WINGS 10

20

DOCTOR'S CORNER 25



# അമ്മ മനസ്സുണ്ടെങ്കിൽ ശുശ്രൂഷയിൽ സന്തോഷിക്കാം.

പ്രിയമുള്ളവരെ നാം ഓണാഘോഷത്തിന്റെ ആലസ്യത്തിൽ നിന്ന് മുക്തരായി വരികയാണല്ലോ വടംവലി മത്സരത്തിലും പൂക്കള മത്സരത്തിലും നാം ആവേശത്തോടെ, സന്തോഷത്തോടെ, ഒത്തൊരുമയോടെ പങ്കെടുത്ത് നല്ല മുഹൂർത്തങ്ങളിലേക്ക് നയിക്കുവാൻ ഈ ഓണാഘോഷത്തിന് സാധിച്ചു. സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും നല്ല ഓർമ്മകൾ നൽകിക്കൊണ്ട് ഓണത്തിന്റെ ചൈതന്യം നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാകട്ടെ.

സെപ്തംബർ മാസം ആരംഭിക്കുന്നത് നല്ല ഓർമ്മകളോടു കൂടിയാണ്. നിസ്വാർത്ഥ സേവനത്തിന്റെ മാതൃകയായ മദർ തെരേസയുടെ തിരുനാളും വിജ്ഞാന ദാതാക്കളും ജീവിതത്തിന് അടിസ്ഥാനം ഇട്ടുതന്ന അധ്യാപകരുടെ ദിനവും കൂടിയാണ്. തന്റെ

മുന്നിൽ വരുന്നവർ തനിക്ക് സ്നേഹിക്കാനായി, സഹായിക്കാനായി, ആശ്വസിപ്പിക്കാനായി ദൈവം നൽകുന്ന ദൂതന്മാരായി കണ്ടു അവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞു വച്ച അഗതികളുടെ അമ്മ. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന നമ്മൾക്ക് ആ പ്രചോദനം ഏറ്റുവാങ്ങാം. അമ്മയുടെ ആ മനസ്സുണ്ടെങ്കിൽ ആരോഗ്യ രംഗത്തുള്ള നമ്മുടെ ശുശ്രൂഷകൾ സന്തോഷകരമാകും. അനുഗ്രഹപ്രദമാകും. നമുക്കും നമ്മുടെ ജൂബിലി മിഷനിലേക്ക് കടന്നു വരുന്നവർക്ക് ആശ്വാസത്തിന്റെയും സൗഖ്യത്തിന്റെയും ഉപകരണങ്ങളായി മാറാം. വിശുദ്ധ മദർ തെരേസ നമുക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ.



സെപ്റ്റംബർ 5 അധ്യാപക ദിനം, ജീവിതത്തെക്കുറിച്ച് ജീവിതത്തിന്റെ മൂല്യങ്ങളെക്കുറിച്ച് നമ്മളെ പഠിപ്പിച്ചവർ. ആദ്യത്തെ അധ്യാപകർ മാതാപിതാക്കളാണ്. വിദ്യാലയങ്ങളിലൂടെ കലാലയങ്ങളിലൂടെ നമ്മെ മുന്നോട്ടു നയിച്ച നമ്മുടെ പ്രിയപ്പെട്ട അധ്യാപകരെ നന്ദിയോട് കൂടി ഓർക്കാം. നല്ല മൂല്യങ്ങൾ കാണിച്ചു കൊടുക്കുന്ന, ജീവിതം കൊണ്ട് പഠിപ്പിക്കുന്ന നല്ല അധ്യാപകരായി നമുക്ക് മാറാം. ഗുരുവന്ദനം നമുക്കും നടത്താം.

ജൂബിലിയിലെ പൂർവ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജിലെ പൂർവ്വ അധ്യാപകരെ ആദരിക്കുകയുണ്ടായി.

നല്ല മുഹൂർത്തങ്ങളിലൂടെയാണ് അന്ന് അത് കടന്നുപോയത്. അന്ന് കടന്നുവന്ന അധ്യാപകർക്ക് ജൂബിലിയുടെ നന്ദി പ്രകടനം കണ്ട്, ജൂബിലി ഞങ്ങളെ മറന്നിട്ടില്ല എന്നറിഞ്ഞു കണ്ണീരണിഞ്ഞ അധ്യാപകരും, ജീവിത മൂല്യങ്ങളെ കുറിച്ച് വൈദ്യശാസ്ത്ര രംഗത്തെ ചുവടുവെപ്പുകളെ കുറിച്ച് ഒക്കെ ഞങ്ങളെ പഠിപ്പിച്ച അധ്യാപകരെ കണ്ടപ്പോൾ വിദ്യാർഥികൾക്കും സന്തോഷം പകർന്ന ഗുരുവന്ദനം അനുഗ്രഹപ്രദമായ നിമിഷങ്ങൾ ആയിരുന്നു.

സെപ്റ്റംബർ 10 ആത്മഹത്യ പ്രതിരോധ ദിനം ആയി ലോകം ആചരിക്കുകയാണ്. ജീവനെ സ്നേഹിക്കാൻ ജീവനെ നശിപ്പിക്കുന്നവയെ വെറുക്കുവാൻ സെപ്റ്റംബർ പത്ത് നമ്മെ ഓർമിപ്പിക്കുകയാണ്. ആത്മഹത്യ ഒന്നിനും പരിഹാരമല്ല മറിച്ച് ദൈവത്തോട് ചേർന്ന് ചുറ്റുമുള്ളവരോട് ചേർന്ന് ഉള്ളിൽ ശക്തി സംഭരിച്ച് ജീവിതത്തെ ധൈര്യപൂർവ്വം നേരിടുകയാണ് ഏറ്റവും നല്ല മാർഗ്ഗം എന്ന് ഓർമപ്പെടുത്തുന്ന സുദിനം. ജീവൻ ദൈവദാന



മാണെങ്കിൽ ജീവിതം ദൈവത്തിന്റെ സമ്മാനം ആണെങ്കിൽ ജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടാനുള്ള ശക്തിയും ദൈവത്തിൽ നിന്ന് തന്നെ നാം സ്വീകരിക്കണം.



സെപ്റ്റംബർ 14 വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആണ്. മനുഷ്യനായി ജനിച്ചാൽ മരണംവരെ കുരിശുകൾ മനുഷ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് അറിഞ്ഞ്. കുരിശ് മുന്നിൽ വരുമ്പോൾ വീണു പോകാതെ ധൈര്യത്തോടെ എഴുന്നേൽക്കുവാൻ ദൈവീകമായ ശക്തി മാത്രം മതി എന്ന് ഓർമ്മപ്പെടുത്തുന്ന തിരുനാൾ ദിനം. എത്ര ഭാരം ഉള്ള കുരിശ് ആണെങ്കിലും ചുമക്കാനുള്ള ശക്തി നമ്മുടെ ഉള്ളിൽ ഉണ്ടായാൽ മതി. ഈശോ കാണിച്ചുതന്ന വഴിയും അതാണ് ദുഃഖ വെള്ളിയാഴ്ച താൻ ചുമക്കാനിരുന്ന കുരിശിന്റെ ഭാരം മുൻകൂട്ടി കണ്ടപ്പോൾ പെസഹാ വ്യാഴാഴ്ച രാത്രി ഗദ്സമെൻ  തോട്ടത്തിൽ ദൈവത്തോട് പ്രാർത്ഥിച്ച് ദൈവത്തിൽ നിന്ന് ശക്തി സ്വീകരിച്ചു തന്റെ കുരിശ് ശാന്തതയോടു കൂടി ചുമന്നു. ആ മാതൃക നമുക്കും സ്വീകരിക്കാം. ജീവിതത്തിൽ ഉണ്ടാകുന്ന കുരിശുകളുടെ ഭാരമല്ല അത് ചുമക്കാനുള്ള ശക്തി ദൈവത്തോട് ചേർന്ന് നിന്നുകൊണ്ട്, ചുറ്റുമുള്ളവരോട് ചേർന്ന് നിന്നുകൊണ്ട് നമുക്കും ധൈര്യപൂർവം നേരിടാം. ഈ സെപ്റ്റംബർ മാസം അനുഗ്രഹത്തിന്റെ ഒരു മാസമാകട്ടെ.

സ്നേഹപൂർവ്വം
**ഫാ. റെന്നി മുണ്ടൻകുരിയൻ**
ഡയറക്ടർ








# 18 -ാമത് ശിൽപശാല

# ഫോക്കസ് 2023

ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 2023 ആരംഭിച്ചു. ആഗസ്റ്റ് 21 മുതൽ 25 വരെയാണ് ഈ വർഷം നടത്തുന്നത്. 2006 ആഗസ്റ്റ് മുതൽ തുടങ്ങിയ ഈ പരിപാടി അതിന്റെ 18-ാം വർഷത്തിലെത്തിനിൽക്കുമ്പോൾ ഇന്ത്യയിലെ തന്നെ സമാനപരിപാടികളുടെ ഒന്നാം നിരയിലെത്തിക്കഴിഞ്ഞിരിക്കുന്നു. കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ പഞ്ചദിന പരിപാടി ഡോ. വി. പി പൈലി, ഡോ. സറീന ഗിൽവാസ് എന്നിവരുടെ നേതൃത്വത്തിൽ ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ് സംഘടിപ്പിക്കുന്നത്.

മെഡിക്കൽ കോളേജുകളുടെ എണ്ണം കൂടുകയും വിദ്യാഭ്യാസം യാന്ത്രികമാവുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ സ്വാഭാവികമായും പഠനനിലവാരം താഴുന്നുവോ എന്ന ആശങ്ക പരക്കെ നിലനിൽക്കുന്നുണ്ട്. അഖിലേന്ത്യാതലത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ഒരുമിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കാനുള്ള ഒരു അവസരം ഉണ്ടാക്കുക എന്ന ആശയത്തിൽ നിന്നാണ് ഫോക്കസിന്റെ




പിറവി. ഡൽഹി, ചെന്നൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, വെല്ലൂർ, ജിപ്മർ എന്നിവടങ്ങളിലെ പ്രഗത്ഭരായ പ്രൊഫസർമാർക്കൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ഗൈനക്കോളജി വിഭാഗം മേധാവികളും കൂടി അണിനിരക്കുന്ന ഈ ശിൽപ ശാല രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയിലെ പരമ്പരാഗതവും നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നു. ഡോ. എൻ. പളനിയപ്പൻ (ചെന്നൈ), ഡോ. ജയന്തി പി. (ബാംഗ്ലൂർ), ഡോ. ശൂക്കുപ്പെട്ടി ലക്ഷ്മി (ഹൈദരാബാദ്), ഡോ. ലത ചതുർവേളല, ഡോ. ലില്ലി വർഗ്ഗീസ് (സി.എം.സി., വെല്ലൂർ), ഡോ. മഞ്ജുള റാവു, ഡോ. ശോഭ ഗുഡി (ബാംഗ്ലൂർ) തുടങ്ങിയ പ്രമുഖ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു. സാധാരണ പരിപാടികളിൽ നിന്ന് വ്യത്യസ്തമായി ഇത് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. പുതുതലമുറയെ ശരിയായ രീതിയിൽ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കപ്പെടുന്നത്. യാഥാർത്ഥ പരീക്ഷാരീതിപോലെ കേസ് അവതരിപ്പിക്കാനും സംവാദത്തിനും വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും ചെയ്യുന്നുണ്ട്.

ഗർഭധാരണം, ഗർഭാശയ രോഗങ്ങൾ, നൂതന ശസ്ത്രക്രിയകൾ എന്നിവയെ സംബന്ധിച്ച എല്ലാ വിവരങ്ങളും വീഡിയോ, പവർ പോയന്റ് എന്നിവയുടെ സഹായത്തോടെയാണ് അവതരിപ്പിക്കുന്നത്. രാവിലെ 8 മുതൽ വൈകുന്നേരം 6 വരെ നീളുന്ന ഈ ക്ലാസുകൾ തൃശ്ശൂർ പോലീസ് കമ്മീഷണർ അങ്കിത് അശോകൻ 2023 ആഗസ്റ്റ് 21 ന് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാദർ റെന്നി മുണ്ടൻകുര്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. സറീന ഗിൽവാസ് സ്വാഗതവും, ഡോ. ഗിൽവാസ്, ഡോ. ബെന്നി ജോസഫ് ഫെലിസിറ്റേഷനും ഡോ. ബിന്ദു മേനോൻ നന്ദിപ്രകടനവും നടത്തി.



# സ്വാതന്ത്ര്യ ദിനാഘോഷം ജൂബിലിയിൽ

ഇന്ത്യയുടെ 77-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ചു ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ബ്ലോക്കിന് മുന്നിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ദേശീയ പതാക ഉയർത്തി. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഗിൽവാസ് പി സി, സെക്യൂരിറ്റി വിഭാഗം തലവൻ വിൽസൻ പി. ജെ. എന്നിവരോടൊപ്പം മറ്റു ഹോസ്പിറ്റൽ ജീവനക്കാരും പങ്കെടുത്തു.



# മരണം തോറ്റു ഹരിദാസിനു മുന്നിൽ

തൃശ്ശൂർ: തോൽക്കാൻ ഹരിദാസൻ ഒരുക്കമായിരുന്നില്ല. മരണത്തിൽനിന്ന് വിട്ടകലുവാൻ സർവശക്തിയുമെടുത്ത് ആ എഴുപതുകാരൻ കുതറിമാറി. ഇതുപോലെ അതിജീവനം ചികിത്സിച്ച ഡോക്ടർമാർക്കുപോലും ആദ്യാനുഭവം മഹാധമനി വീർത്തുപൊട്ടി മരണം ഉറപ്പിച്ച രോഗിയാണ് പൂർണാരോഗ്യവാനായി ജീവിതത്തിലേക്കു തിരിച്ചുകയറിയത്. അന്യൂറിസമെന്ന അവസ്ഥയിലെ രക്ഷപ്പെടൽ അപൂർവ്വമല്ലെങ്കിലും പക്ഷാഘാതം പോലുള്ള ബുദ്ധിമുട്ടൊന്നും ഇവിടെയുണ്ടായില്ല. മടങ്ങിവരവ് അതിശയിപ്പിക്കുന്നതാണെന്ന് ഹരിദാസനെ ചികിത്സിച്ച ഡോക്ടറും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാസ്കുലാർ സർജറി വിഭാഗം മേധാവിയുമായ ഡോ. പി. എം. വിനീത് കുമാർ പറഞ്ഞു.

അസഹനീയ വയറുവേദനയുമായാണ് രണ്ടാഴ്ച മുമ്പ് കുഴൽമന്ദം ഒലീവ് മൗണ്ടിലെ ലീലാമന്ദിരത്തിൽ പി. ഹരിദാസൻ ജൂബിലി ആശുപത്രിയിലെത്തിയത്. പരിശോധനയിൽ മഹാ

ധമനി വീർത്ത് അപകടനിലയിലെത്തിയതായി കണ്ടെത്തി. ഓഗസ്റ്റ് ഒന്നിന് രാവിലെ ഏഴിന് സൂചിവഴിയുള്ള ശസ്ത്രക്രിയയായ എൻഡോവാസ്ക്കുലർ അന്യൂറിസം റിപ്പയർ നടത്താനുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയായി. പക്ഷേ ഒട്ടും പ്രതീക്ഷിക്കാതെ തലേന്നു രാത്രി മഹാധമനി പൊട്ടി. തൊട്ടുപിന്നാലെ ഹൃദയാഘാതവുമുണ്ടായി. ഹൃദയമിടിപ്പ് ഏറെകുറെ നിലച്ച നിലയിലായിട്ടും ഡോക്ടർ വിനീത് കുമാർ പ്രതീക്ഷ കൈവിട്ടില്ല. കാർഡിയാക് അനസ്തീഷ്യസ്റ്റ് ഡോ. ബിനിൽ ഐസക് മാത്യുവും ഡോ. അപർണ്ണയും നഴ്സുമാരും ചേർന്ന് പിന്നീടുള്ള മണിക്കൂറുകൾ മരണവുമായി പോരാടുകയായിരുന്നു. ഡോക്ടർമാരും നഴ്സുമാരും മാറിമാറി 20 മിനിറ്റോളം സി.പി.ആർ കൊടുത്തതോടെ ഹരിദാസൻ തിരിച്ചുവരുമെന്ന തോന്നലുണ്ടായി. പക്ഷെ ആശങ്കയുയർത്തി വൈകാതെ രണ്ടാമതും ഹൃദയാഘാതമുണ്ടായി. സി.പി.ആർ കൊടുത്തുകൊണ്ടുതന്നെ ഓപ്പറേഷൻ തിയ്യേറ്ററിലെത്തിച്ച ഹരിദാസന് രാത്രി 12.30 ഓടെ ശസ്ത്രക്രിയ ചെയ്തു. ആറു മണിക്കൂർ ശസ്ത്രക്രിയയ്ക്കിടെ 50 യൂണിറ്റോളം രക്തമാണ് വേണ്ടിവന്നത്. 10 ദിവസത്തെ ആശുപത്രി വാസത്തിനുശേഷം ഹരിദാസൻ വീട്ടിലേക്കു മടങ്ങി.

# ഇമ്മ്യൂണോഫ്ളൂറസൻസ് ടെസ്റ്റ് ഇനി ജൂബിലിയിൽ



ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിൽ ഇമ്മ്യൂണോഫ്ളൂറസൻസ് ടെസ്റ്റ് പുതിയതായി ആരംഭിച്ചിരിക്കുന്നു. കിഡ്നി സംബന്ധിത രോഗങ്ങൾക്കും ത്വക്ക് രോഗങ്ങൾ നിർണ്ണയിക്കുന്നതിനും ഈ ടെസ്റ്റ് ഉപകരിക്കുന്നു.







RESEARCH WINGS

# JOURNAL CLUB

JCMR conducted the 63rd Journal Club on 16th Wednesday, August 2023 at Old CCM Hall. The speaker was Dr. Anu Franco, Senior resident of Psychiatry department. The research article was "Impact of perinatal natural dymossion of child developments published in Indian Journal of Phychatry 2022 Vol. 64. paediatrician Dr. Vimal Vincent discussed about the ade of episodic outburst of perinatal natural depression and its impact in behavioural changes in child. Dr. Anjali, Dr. Dileep and Dr. Remya also were partiicipated in the discussion.



# ഓണനിലാവ് 2023

ഈ വർഷത്തെ ഓണാഘോഷം ഉത്രാടനാളിൽ ജൂബിലി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മദർ തെരേസ്സ ഹാളിൽ വച്ച് നടത്തി. തൃശ്ശൂർ ഡി.ഐ.ജി. ശ്രീമതി അജിതാബീഗം ഐ.പി.എസ്. മുഖ്യാതിഥിയായ ചടങ്ങിൽ ജൂബിലിമിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺ ലാൽ കുറ്റിച്ചിറ, ജൂബിലി മിഷൻ നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ എന്നിവർക്കൊപ്പം മറ്റു അസിസ്റ്റന്റ് ഡയറക്ടർമാരും പങ്കെടുത്തു.

ഓണാഘോഷത്തോടനുബന്ധിച്ചു നടത്തിയ വടംവലി, പൂക്കളം എന്നീ മത്സരങ്ങളിലെ വിജയികൾക്കും പങ്കെടുത്ത എല്ലാവർക്കും വേദിയിൽ വച്ച് പ്രോത്സാഹനസമ്മാനങ്ങളും













നൽകി. ജൂബിലി കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികൾ പരിപാടിയുടെ മാറ്റ് കൂട്ടി.

പൂക്കള മത്സരത്തിൽ ഒന്നാം സ്ഥാനം ഓൾഡ് ബ്ലോക്ക് ടീമും രണ്ടാം സ്ഥാനം മെഡിക്കൽ കോളേജ് & ഗോൾഡൻ ജൂബിലി ബ്ലോക്ക് ടീമും മൂന്നാം സ്ഥാനം ജൂബിലി ഹൃദയാലയ ബ്ലോക്ക് ടീമും കരസ്ഥമാക്കി. വനിതാപുരുഷ വിഭാഗങ്ങളായി നടത്തിയ വടംവലി മത്സരങ്ങളിൽ പുരുഷ വടംവലി മത്സരത്തിൽ ജൂബിലി ഹൃദയാലയ ടീം ഒന്നാം സ്ഥാനവും ഓൾഡ് ബ്ലോക്ക് ടീം രണ്ടാം സ്ഥാനവും ഏജൻസി സ്റ്റാഫ് ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിതാ വടംവലി മത്സരത്തിൽ ജൂബിലി ഹൃദയാലയ ടീം ഒന്നാം സ്ഥാനവും. ഏജൻസി സ്റ്റാഫ് ടീം രണ്ടാം സ്ഥാനവും ഗോൾഡൻ ജൂബിലി & മെഡിക്കൽ കോളേജ് ബ്ലോക്ക് ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



# നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം

മെഡിക്കൽ വിദ്യഭ്യാസരംഗത്ത് 20 വർഷത്തിലേറെയായി സ്തുത്യർഹമായി പ്രവർത്തിക്കുന്ന ജൂബിലി മിഷൻ ആശുപത്രിക്ക് നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം പുന:സ്ഥാപിക്കപ്പെട്ടു. കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന വിലയിരുത്തലിൽ വന്ന ആശയകുഴപ്പത്തെതുടർന്ന് നടന്ന വിശദീകരണ കത്തിടപാടുകളാണ് അംഗീകാരം പുന:സ്ഥാപിക്കാനുള്ള തീരുമാനത്തിൽ നാഷണൽ മെഡിക്കൽ കൗൺസിലിനെ എത്തിച്ചത്. ആരോഗ്യരംഗത്ത് പതിറ്റാണ്ടുകളുടെ സേവനപാരമ്പര്യവും, സാധാരണക്കാരായ രോഗികളുടെ ആശ്രയകേന്ദ്രവും, ആരംഭകാലം മുതൽ മികച്ച വിജയവും കൈവരിച്ചു പോന്നിരുന്ന ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനവും വിദ്യാർത്ഥികൾക്ക് മികച്ച ക്ലിനിക്കൽ പരിശീലനവും തുടർന്നും ഉറപ്പ് വരുത്തും എന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അറിയിച്ചു.











# മുലയൂട്ടൽ വാരാചരണം

ലോക മുലയൂട്ടൽ ആഴ്ചയോട് അനുബന്ധിച്ച് ആഗസ്റ്റ് 3 ന് ഡിപാർട്ട്മെന്റ് ഓഫ് പീഡിയാട്രിക്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ, മുലയൂട്ടുന്ന അമ്മമാർക്ക് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇതിനോട് അനുബന്ധിച്ച് പ്രൊഫ. ഡോ. സജ്ജീവ്കുമാർ, ഡോ അപർണ നമ്പൂതിരിപാട്, ഡോ. ശ്രേയ എന്നിവരുടെ സാന്നിധ്യത്തിലും മാർഗനിർദ്ദേശത്തിലും ജൂനിയർ റെസിഡന്റായ ഡോ. അഹാന, ഡോ. ഐശ്വര്യ എന്നിവർ ചേർന്ന് ഒരു ചെറു നാടകം അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ജൂനിയർ റെസിഡന്റായ ഡോ. ദിവ്യ, ശരിയായ രീതിയിൽ മുലയൂട്ടുന്നതിനെക്കുറിച്ചും, മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും, അമ്മമാർക്ക് വിവരിക്കുകയുണ്ടായി. അവസാന ഭാഗമായി മുലയൂട്ടലുമായി ബന്ധപ്പെട്ട് അമ്മമാർക്കുള്ള സംശയങ്ങൾ ചോദ്യോത്തരവേളയിൽ തീർക്കുകയുണ്ടായി.



# പ്രവർത്തിയിലൂടെ പ്രതീക്ഷ നൽകുക

## CREATING HOPE THROUGH ACTION

സെപ്റ്റംബർ 10 ലോക ആത്മഹത്യാ പ്രതിരോധ ദിനം. ആത്മഹത്യ പ്രതിരോധത്തെക്കുറിച്ച് അവബോധം ഉണ്ടാക്കാനും ആത്മഹത്യ തടയാനും ഓരോ വർഷവും ഈ ദിനം ആചരിക്കുന്നു. 'Creating Hope Through Action' പ്രവർത്തിയിലൂടെ പ്രതീക്ഷ നൽകുക' എന്നതാണ് ഈ വർഷത്തെ തീം. ആത്മഹത്യയെ കുറിച്ചുള്ള ചിന്തകളാൽ കഷ്ടത അനുഭവിക്കുന്ന വ്യക്തികൾക്ക്, പ്രതീക്ഷയുടെ പ്രകാശം നൽകാൻ നമ്മുടെ ചെറിയ ഇട പെടലുകൾക്ക് സാധിക്കും. ഇത്തരത്തിൽ കഷ്ടതയും ദുരിതവും അനുഭവിക്കുന്ന വ്യക്തികൾക്ക് സഹായ ഹസ്തം നീട്ടാൻ, അവർക്ക് വെളിച്ചമാകാൻ ഓരോരുത്തരെയും പ്രാപ്തരാക്കുക, അതുവഴി ആത്മഹത്യകളുടെ എണ്ണം കുറച്ചുകൊണ്ട് വരിക എന്നതാണ് ലക്ഷ്യം വെക്കുന്നത്.

സാമൂഹികവും വൈകാരികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളുള്ള ഒരു പ്രധാന സാമൂഹികാരോഗ്യ പ്രശ്നമാണ് ആത്മഹത്യ. മാത്രവുമല്ല ആത്മഹത്യാ ചിന്തകൾ ഉള്ള വ്യക്തികൾ മിക്കപ്പോഴും ഇത്തരം ചിന്തകളെയും പ്രശ്നങ്ങളെയും കുറിച്ച് തങ്ങളുടെ അടുത്ത ബന്ധുക്കളോടും സുഹൃത്തുക്കളോടും സംസാരിക്കാറുണ്ട്. ആത്മഹത്യയിലേക്ക് നയിക്കുന്ന പെരുമാറ്റത്തെ നിർണയിക്കുന്നത് പല ഘടകങ്ങൾ ചേർന്നാണ്. ജീവശാസ്ത്രപരവും മനഃശാസ്ത്രപരവും സാമൂഹികവും

സാംസ്കാരികവും വിശ്വാസപരവുമായ ഘടകങ്ങൾക്ക് ഇതിൽ പങ്കുണ്ട്. അതുകൊണ്ടുതന്നെ ഈ വ്യത്യസ്ത തലങ്ങളിലുള്ള ഇടപെടലുകൾ ആത്മഹത്യാ പ്രതിരോധത്തിനു ആവശ്യമായി വരാം.

തിരിച്ചറിയപ്പെടാതെ പോകുന്ന മാനസികാരോഗ്യ പ്രശ്നങ്ങളാണ് ആത്മഹത്യകളുടെ പ്രധാന കാരണം. ലോകാരോഗ്യ സംഘടന തന്നെ വിലയിരുത്തിയിട്ടുള്ളത് 'ഏറ്റവും ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയുന്ന വിഷാദരോഗമാണ്, ലോക വ്യാപകമായി ആത്മഹത്യകളുടെ സർവസാധാരണമായ കാരണം' എന്നാണ്. ചികിത്സ ആവശ്യമുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയപ്പെടാതെയും ഒട്ടേറെ ആത്മഹത്യക്ക് വഴിതെളിക്കുന്നുണ്ട്.

മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവയുടെ ചികിത്സയെക്കുറിച്ചും സമൂഹത്തിൽ ഒട്ടേറെ തെറ്റിദ്ധാരണയുണ്ട്. ഇതുമൂലം യാഥാസമയം ചികിത്സ തേടാൻ പലരും തയ്യാറാകാത്തത് പലപ്പോഴും ആത്മഹത്യകൾക്ക് കാരണമാകുന്നു. മറ്റേതു ശാരീരിക രോഗത്തെയുംപോലെ ഇവയെയും ചികിത്സിക്കാൻ സാധിക്കുമെന്ന യാഥാർഥ്യം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തണം.

### ദുസ്സൂചനകൾ തിരിച്ചറിയണം

ആത്മഹത്യകൾ തടയാൻ ആത്മഹത്യയ്ക്കൊരുങ്ങുന്നവർ പൊതുവേ കാണിക്കാറുള്ള ലക്ഷണങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ആത്മഹത്യയെയോ സ്വയം ഉപദ്രവിക്കുന്നതിനെയോ കുറിച്ചു സംസാരിക്കുക, മരണത്തെക്കുറിച്ച് ഏറെ വാചാലരാവുകയോ വായിക്കുകയോ എഴുതുകയോ ചെയ്യുക,



ആത്മഹത്യയ്ക്ക് ഉപയോഗിക്കാവുന്ന വിഷമോ ആയുധങ്ങളോ പോലുള്ള സാധനങ്ങൾ വാങ്ങുക, താൻ എല്ലാവർക്കുമൊരു ഭാരമായിത്തീർന്നെന്ന മട്ടിലോ പ്രത്യാശ നഷ്ടപ്പെട്ട രീതിയിലോ സംസാരിക്കുക, വിൽപത്രം തയ്യാറാക്കുക, വിലപിടിപ്പുള്ള, ഏറെ ഇഷ്ടത്തോടും അഭിമാനത്തോടും കൊണ്ടുനടന്നിരുന്ന വസ്തുവകകൾ ആർക്കെങ്കിലും കൊടുത്തൊഴിവാക്കുക, കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയുമൊക്കെ പതിവില്ലാത്ത വിധം സന്ദർശിക്കുകയോ ബന്ധപ്പെടുകയോ ചെയ്യുക, അല്ലെങ്കിൽ എല്ലാവരിൽ നിന്നും എല്ലാറ്റിൽ നിന്നും ഒഴിഞ്ഞുമാറാൻ തുടങ്ങുക എന്നിവ ഇതിൽ പ്രധാനമാണ്.

അമിതമദ്യപാനമുള്ളവരിലും, മുമ്പ് ആത്മഹത്യയ്ക്കു ശ്രമിച്ചിട്ടുള്ളവരിലും, വിഷാദം പോലുള്ള മാനസിക രോഗങ്ങളുള്ളവരിലും, മുൻപ് ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുള്ള കുടുംബങ്ങളിൽ നിന്നുള്ളവരിലും ഇത്തരം സൂചനകളെ കൂടുതൽ ഗൗരവത്തിലെടുക്കേണ്ടതുമുണ്ട്.

## പ്രാഥമിക ആരോഗ്യപ്രവർത്തകർക്കുള്ള നിർദ്ദേശങ്ങൾ

ഭൂരിഭാഗം രോഗികളും ആത്മഹത്യാ പ്രവണതയെ കുറിച്ചു ഡോക്ടറോട് തുറന്ന് പറയാറില്ല. ആത്മഹത്യക്കു ശ്രമിച്ചവരിൽ തുടർന്നും അതിനുള്ള പ്രവണത കാണുന്നതിനാൽ അവർക്കു വിദഗ്ധ സഹായം ആവശ്യമാണ്. ആത്മഹത്യാ പ്രവണതയുള്ളവരോട് ആരോഗ്യപ്രവർത്തകർ ശാന്തമായും ദയയോടും കൂടി പെരുമാറിയാൽ മാത്രമേ രോഗികൾ പ്രശ്നങ്ങൾ തുറന്നു പറയുകയുള്ളൂ.

ജീവിതം എനിക്ക് മടുത്തു, ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ല എന്നൊക്കെ ചിലർ പറയുന്നത് കേൾക്കാം. നാമതു കേട്ടില്ലെന്ന്



നടിക്കുന്നു അല്ലെങ്കിൽ അവരെക്കാളും ദുരിതമനുഭവിക്കുന്നവരുടെ കഥകൾ നിരത്തി അവരുടെ പ്രശ്നത്തെ ചെറുതാക്കി കാണിക്കുന്നു. ഈ രണ്ടു സമീപനവും അവർക്ക് ആശ്വാസം നല്കുന്നില്ല.

ആത്മഹത്യാ ചിന്തയുണ്ടെന്ന് കണ്ടാൽ അവരോട് ഉടൻ ബന്ധം സ്ഥാപിക്കുന്നത് പ്രധാനപ്പെട്ട കാര്യമാണ്.

- ആദ്യം ചെയ്യേണ്ടത് സ്വകാര്യ സംഭാക്ഷണത്തിനു പറ്റിയ ഒരിടം കണ്ടെത്തുക എന്നതാണ്.
- ബുദ്ധിമുട്ട് അനുഭവിക്കുന്നവന്റെ വിഷമങ്ങൾ ക്ഷമയോടെ ശ്രദ്ധിച്ചു കേൾക്കാനുള്ള സന്നദ്ധത ഇടപെടുന്നവനുണ്ടായിരിക്കണം .
- ഫലപ്രദമായ ശ്രവണമാണ് പ്രധാനമായ മറ്റൊരു ഘടകം.

**ആശയവിനിമയം എങ്ങനെയാകാം**

- ശ്രദ്ധയോടെ, സമചിത്തതയോടെ കേട്ടിരിക്കുക.
- അവരുടെ വികാരങ്ങൾ അറിയുക.
- അവരുടെ വികാരങ്ങളെ നിശബ്ദമായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.
- നിങ്ങളുടെ പരിഗണന സ്നേഹം പരിചരണം എന്നിവ സൂചിപ്പിക്കുക.
- അവരുടെ വികാര വിചാരങ്ങളുടെ ഗതി നീരിക്ഷിക്കുക.

**ആശയവിനിമയം എങ്ങനെയാകരുത്**

- തടസ്സപ്പെടുത്തുന്ന രീതിയിൽ.
- സ്വയം വികാരാധീനരായി.
- തിടുക്കം കാണിച്ച് കൊണ്ട്.
- വിഷമിപ്പിക്കുന്നതും അവ്യക്തവുമായ ചോദ്യങ്ങൾ ചോദിച്ച്.



# ദേശീയ അലുമിനി ശില്പശാല രോഗീസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ

ആതുര ശുശ്രൂഷാരംഗത്ത് രോഗീസുരക്ഷ ഉറപ്പുവരുത്തുന്നതിന് നഴ്സിങ്ങ് വിദ്യാർത്ഥികളും നഴ്സുമാരും പാലിക്കേണ്ട നൂതന മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് അറിവും സാങ്കേതിക ജ്ഞാനവും വളർത്തുന്നതിനായി തൃശ്ശൂർ ജൂബിലി മിഷൻ നഴ്സിംഗ് കോളേജിൽ ഏകദിന ദേശീയ അലുമിനി ശില്പശാല നടത്തി.

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. നഴ്സിങ്ങ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോരശ്മി സ്വാഗത പ്രസംഗം നടത്തി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് രോഗീസുരക്ഷയുടെ വിവിധ തലങ്ങളെ ആസ്പദമാക്കി മിസ് ലക്ഷ്മി എം. ഡോ. സി. ട്രീസ ആന്റോ, ഡോ. എയ്ഞ്ചല ജ്ഞാനദുരൈ, ഡോ. സെബാസ്റ്റ്യൻ, മിസ്സ് നിനു റോയ്, ഡോ. ജുമി ജേക്കബ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

---

**ആത്മഹത്യ ചിന്തയുള്ള വ്യക്തിയെ സഹായിക്കേണ്ടതെങ്ങനെ ?**

- വൈകാരിക പിന്തുണ നൽകുക.
- ആ വ്യക്തിയെ ഒരു മനഃശാസ്ത്രഞ്ജനോടോ മനോരോഗവിദഗ്ധനോടോ ബന്ധപ്പെടുത്തുക . കൃത്യമായ ഇടദിവസങ്ങൾക്കു ശേഷം സന്ദർശനം പുതുക്കി സമ്പർക്കം തുടരുക .
- കുടുംബം സുഹൃത്തുക്കൾ എന്നിവരോട് ബന്ധപ്പെട്ട് അവരുടെ സഹകരണം തേടുക.

**അർച്ചന എൻ. കുമാർ**
സൈക്യാട്രിക് സോഷ്യൽ വർക്കർ



# സന്തോഷവാനായ ഭർത്താവ്

ഏതൊരു വ്യക്തിയെയും പോലെ രണ്ടാമതും ഗർഭിണി ആയ എന്റെ ഭാര്യ മോനിഷ ഇരുപതാമത്തെ ആഴ്ചയിലെ സ്കാനിങ്ങ് നടത്തി. തുടർന്ന് പ്ലാസന്റയിൽ എന്തോ പ്രശ്നം ഉണ്ടെന്ന് കണ്ടെത്തി. തുടർന്ന് ഇതിനുള്ള ചികിത്സ ജൂബിലിയിൽ ഉണ്ടെന്നറിഞ്ഞ് ഞങ്ങൾ ഡോ. അശ്വത്ത് സാറിനെ കാണുകയും തുടർന്നു നടത്തിയ എം.ആർ.ഐ. സ്കാനിങ്ങിലൂടെ മോനിഷയ്ക്കു Placenta Percreta ആണെന്നു തിരിച്ചറിയുകയും ഓപ്പറേഷൻ വഴി കുഞ്ഞിനെ എടുത്തു മാറ്റുകയും അതോടൊപ്പം സാധാരണ ചെയ്യാറുള്ളതുപോലെ ഈ രോഗാവസ്ഥയിൽ യൂട്രസ് കൂടി എടുത്തു മാറ്റേണ്ടതുണ്ട് എന്ന് പറഞ്ഞു. Placenta Percreta എന്ന അവസ്ഥയിൽ ഈ ലോകത്തുതന്നെ യൂട്രസ് സേവ് ചെയ്യാൻ കഴിഞ്ഞത് വളരെ വിരളമാണ്.

ഞങ്ങൾ ആകെ തകർന്നുപോയി. മനസ്സിനു ധൈര്യം തന്നു ഡോ. അശ്വത്ത് സർ ജൂലൈ ഒന്നിന് ഓപ്പറേഷൻ വഴി കുഞ്ഞിനെ എടുക്കുകയും യൂട്രസ് സേവ് ചെയ്യാൻ ശ്രമിക്കാം എന്നു പറഞ്ഞു. ഒരാഴ്ച കഴിഞ്ഞ് രണ്ടാമതും ഓപ്പറേഷൻ ചെയ്തു. ദൈവത്തിന്റെ അനുഗ്രഹത്താൽ ഡോ. അശ്വത്തിന് യൂട്രസ്


JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE
Together,
We are the
Patient Experience !


സേവ് ചെയ്യാൻ കഴിഞ്ഞു. എന്റെ ഭാര്യ മോനിഷ ഇപ്പോൾ സുഖം പ്രാപിച്ചു വരികയുമാണ്. ഞങ്ങൾ ഈ ഭൂമിയിൽ കണ്ട ദൈവം ആണ് ഡോ. അശ്വത്ത്. ഈ ലോകത്ത് ഇത്രയും സന്തോഷവാനായ ഒരു ഭർത്താവ് ഉണ്ടെങ്കിൽ അത് ഞാനായിരിക്കും. അതിനു കാരണമാവാൻ ഈ ഹോസ്പിറ്റലിലെ ഡോ. അശ്വത്ത് കുമാർ, അതുപോലെ ഞങ്ങളെ പരിപാലിച്ച ഡോ. ട്രീസ, നേഴ്സസ്, ഓപ്പറേഷൻ ടീം മറ്റു സ്റ്റാഫുകൾ എല്ലാവർക്കും ഒത്തിരി നന്ദി.

**രോഗിയുടെ ഭർത്താവ്**

# നേഴ്സ് ലെഡ് ക്ലിനിക്ക്










ജൂബിലി മിഷൻ നേഴ്സിംങ് കോളേജിലെ എൻ.എസ്. എസ്. യൂണിറ്റും, കമ്മ്യൂണിറ്റി ഹെൽത്ത് ഡിപാർട്ട്മെന്റും കാച്ചേരി മഡോണ നഗർ സെന്റ് മേരീസ് പള്ളിയിലെ വിൻ സെന്റ് ഡി പോൾ സംഘടനയും സംയുക്തമായി സംഘടിപ്പിച്ച നേഴ്സ് ലെഡ് ക്ലിനിക്ക് 2023 ആഗസ്റ്റ് 6 ന് പള്ളി പാരിഷ് ഹാളിൽ വച്ച് ഇടവക വികാരി ഫാ. ഫിജോ ആലപ്പാടൻ ഉദ്ഘാടനം ചെയ്തു.

കാച്ചേരിയിലെ പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും സൗജന്യമായി ബി.പി., ബ്ലഡ് ഷുഗർ, ബി.എം.ഐ. തുടങ്ങിയവ പരിശോധിക്കുകയും ആവശ്യമുള്ളവരെ കാച്ചേരി അർബർ ഹെൽത്ത് സെന്ററിലേക്ക് റഫർ ചെയ്യുകയും ചെയ്തു. എല്ലാ മാസത്തിലും ആദ്യത്തെ ഞായറാഴ്ച സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ നേഴ്സ് ലെഡ് ക്ലിനിക്ക് നടത്തപ്പെടുന്നതാണ്.




# പ്രഷർ ഇൻഞ്ച്വറി-CNE

കൺടിന്യൂയിങ്ങ് നഴ്സിങ്ങ് എഡ്യുക്കേഷന്റെ ഭാഗമായി ‘പ്രഷർ ഇൻഞ്ചുറി – ഏൻ അപ്ഡേറ്റ്’, ആഗസ്റ്റ് ഏഴിന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മദർ തെരേസ ഹാളിൽ വച്ച് നടത്തി. രാവിലെയും ഉച്ചയ്ക്കുമായി രണ്ടു ഗ്രൂപ്പുകളായിട്ടാണ് പ്രോഗ്രാം നടന്നത്. പ്രഷർ ഇൻഞ്ചുറി ഏൻ അപ്ഡേറ്റിന്റെ ഒരു വീഡിയോ ട്രെയിനിംങ്ങും അതിനു പിൻതുടർച്ചയായി ഡെമോൺസ്റ്റേഷൻസും ഒരുക്കിയിരുന്നു. ഡോ. റെനി ബെന്നി. പി.എം. ആർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഉള്ള ‘പൊസിഷൻ ടു പ്രിവെന്റ് പ്രഷർ ഇൻഞ്ചുറി’, ഡോ. പ്രദ്യോതിന്റെ, പ്ലാസ്റ്റിക് സർജറി & ബേൺസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഉള്ള ‘പ്രഷർ ഇൻഞ്ചുറി ഡ്രസിംങ്ങ്’, നഴ്സിംങ്ങ് ഡിപ്പാർട്ട്മെന്റിലെ സി. സിനി, സി. സെലിൻ എന്നിവരുടെ നേതൃത്വത്തിലുള്ള ‘അസ്സസ്മെന്റ് ഓഫ് പ്രഷർ ഇൻഞ്ചുറി ബാക്ക് കെയർ’ എന്നിവയായിരുന്നു ഡെമോൺസ്റ്റേഷനിൽ ഉണ്ടായിരുന്നത്. തുടർന്ന് DNS ശ്രീമതി ജീജ ജോസിന്റെ നേതൃത്വത്തിൽ മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകളും അതിനോടനുബന്ധിച്ചുള്ള പ്രസന്റേഷനും ഉണ്ടായിരുന്നു. NS, DNS, ICN, ഇൻചാർജ്, ലിങ്ക് നഴ്സസ്, TOT എന്നിവർ പങ്കെടുത്തു. നേഴ്സസ് എഡ്യുക്കേഷൻ ANS ആയ ശ്രീമതി സോഫിയ ജോസഫാണ് CNE യുടെ ക്രമീകരണങ്ങൾ നടത്തിയത്.

# ഐഡിയത്തോണിൽ

## ജൂബിലി മിഷൻ നേഴ്സിങ് കോളേജിനു പുരസ്കാരം




സംസ്ഥാനതല ഫ്രീഡംഫെസ്റ്റ് ഐഡിയത്തോണിൽ ഏറ്റവും കൂടുതൽ മികച്ച ആശയങ്ങൾ സമർപ്പിച്ച കലാലയങ്ങൾക്ക് പുരസ്കാരങ്ങൾ 12-8-2023 ന് തിരുവനന്തപുരം ടാഗോർ തിയ്യറ്ററിൽവെച്ച് സമ്മാനിച്ചു. മൂന്നാം സ്ഥാനം ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ് തൃശ്ശൂർ കരസ്ഥമാക്കി. ബഹുമാനപ്പെട്ട മുൻ ധനകാര്യ മന്ത്രി സർ തോമസ് ഐസക്ക് പുരസ്കാരങ്ങൾ നൽകി അഭിനന്ദിച്ചു.

## Congratulations!



മണിപ്പാലിൽ വച്ചുനടന്ന മണിപാൽ അക്കാഡമി ഓഫ് ഹൈയ്യർ എഡ്യുക്കേഷൻ (MAHE) ഡോ. എ. പത്മ റാവു എൻഡോവ്മെന്റ് ഒറേഷനിൽ വച്ച് പ്രഭാഷണം നടത്തിയ, ജൂബിലി മിഷനിലെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി പ്രൊഫസർ ഡോ. അശ്വത് കുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.













ലോക ഒ.ആർ.എസ് ദിനത്തോടനുബന്ധിച്ച് ജൂലൈ 31 ന് ഡിപ്പാർട്ട്മെന്റ് ഓഫ് പീഡിയാട്രിസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അമ്മമാർക്ക് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പീഡിയാട്രിക് പ്രൊഫ. ഡോ. രതി ശാന്തകുമാർ, പ്രൊഫ. ഡോ. ജിബി ജോർജ്ജ് എന്നിവരുടെ മാർഗനിർദ്ദേശത്തിലും സാന്നിധ്യത്തിലും, ഹൗസ് സർജൻ ഡോ സാം, ഒ.ആർ.എസ് (ഓറൽ റീഹൈഡ്രേഷൻ സാൾട്ട്) നെ പറ്റി ക്ലാസ് എടുത്തു. ജൂനിയർ റെസിഡന്റ് ഡോ. ശ്വേത പി. ജെ., അവസാനഭാഗമായ ചോദ്യോത്തര വേളയിൽ അമ്മമാരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.




# Fast-Tracking

## POSTPARTUM HEMORRHAGE(PPH)

Postpartum hemorrhage is the leading cause of maternal deaths and near miss morbidity among labouring woman. Time is life in PPH, hence the conventional method of waiting for the medical management to act and then to decide on the non-surgical modalities has now changed since the past few years.

### KFOG (Kerala Federation of Obstetrics and Gynaecology) AMTSL PROTOCOL

**Give oxytocics at the right time**

a. Inj. oxytocin 5 units diluted in 5 ml saline or water given intravenously over 5 sec at the delivery of anterior shoulder or within one minute.

b. Inj oxytocin 10 units i.m.

c. Inj oxytocin 20 units diluted in 500 ml normal saline/ringer lactate given over 2 hours as a drip, about 4 ml per minute (60 drops per minute)

Delayed cord clamping (about one minute) if the baby is not asphyxiated.

Controlled cord traction for placental delivery after making sure that the uterus is contracted and pushing it cranially while giving cord traction.

**Supplementary oxytocics**

- Inj.Tranexa 1 amp (1g) Diluted in 100 ML normal saline given intravenously over 10 minutes
- Inj Methergine 0.2 mg i.m. repeat ever 15 -30 minutes maximum 5 doses(total-1mg) Contraindication- hypertension/ heart disease
- Inj Prostodin 250 mcg i.m., repeat every 15-30 minutes maximum 8 dose(2mg) Contraindication- bronchial asthma
- Carbetocin Dose-100mcg/ml slow intra venous over one minute following delivery of baby, before placental delivery, May be given i.m. also (same dose), Contraindication -serious cardiovascular diseases

Nowadays we don’t wait for maximum doses of each drug, rather after first dose of supplementary oxytocics, we immediately go for the mechanical methods to stop PPH.

## THE SUCTION CANNULA - THE LIFE SAVER IN ATONIC POSTPARTUM HEMORRHAGE

The Suction cannula works by a vaccum assisted method of applying 550-650 mmHg vacuum pressure to the uterine cavity so that the uterus contracts and the bleeding stops in no time. It should be implemented as soon as the first line of medications like active management of third stage of labour i.e., Oxytocin 5 U iv in 5ml saline given in 5 mts, 10units IM and 20units IV in IL saline over 2 hrs and the first dose of



Methylergometrine 0.25 mg IM and the first dose of Prostaglandin F2 alpha 250mg IM has been given. The suction cannula can be kept from a minimum of half hr to upto 12 hours.

## THE TRANSVAGINAL UTERINE ARTERY CLAMP AND THE T CLAMP



Trans Vaginal Uterine Artery Clamp

In some cases, the lower segment of the uterus fails to retract and leads to bleeding which mimics atonic PPH. Applying the transvaginal clamps or the T clamps to right and left uterines through the lower segment helps to control the lower segment PPH

Every staff and Dr in the labour room should be trained to apply these clamps. These T clamps can be used to hold the edges of uterus after caesarean, there by reduce bleeding from edges and also helps in reducing hematoma formation



## THE AORTIC CLAMP

The aortic clamp helps immediate stoppage of bleeding in cases of Placenta accreta spectrum (PAS). PAS cases are now detected much more than a decade back possibly due to the increasing trend of C sections, and if found incidentally on the table after opening the uterus it cannot be managed in an ordinary set up without an obstetric and anaesthetic team and blood bank facilities. So, while waiting for help, any obstetrician



can immediately clamp the aorta so that help can be awaited. It can be safely kept upto one hour and does not have any risks of aortic intimal thromboses.

Kerala is far ahead of all other states in our country with the active management followed by the Kerala Federation of Obstetrics and Gynaecology. The early implementation of the PPH lifesaving devices has made Kerala the safest place to deliver and that has been acknowledged world-wide. The Obstetric Rapid Response team (ORRT) can rush into help to save the life of any case of PPH with these armentarium unless it is too late.

**Dr. Neetha George**
Asst. Professor, Dept. of Obstetrics & Gynaecology

# Welcome to Jubilee Family

| | |
|---|---|
| Dr. Godwin Joy | Orthopaedics |
| Dr. Ajith Antony | Mc Forensic Medicine |
| Dr. Parvathy P R | Mc Pharmacology |
| Dr. Thomson C Davis | Mc Community Medicine |
| Dr. Soumya Lakshmy Menon | Mc Anatomy |
| Dr. Tereesa Shojan | Mc Physiology |
| Dr. Arya Pillai J | Physical Medicine & Rehabilitation |
| Dr. Jyothika P D | Urology |
| Dr. Niveditha V | Neurology |
| Dr. Aryadevi M P | Plastic Surgery |
| Ms. Susmi Shine Saju | Urology |
| Ms. Ashmi Joseph | Pharmacy |
| Ms. Amrutha K A | Pharmacy |
| Ms. Mahal Margrat K J | Pharmacy |
| Mrs. Vini Varghese | Pharmacy |
| Ms. Jeny Thomas | Counter |
| Ms. Anjali C Anil | Counter |
| Mrs. Greeshma Antony | Counter |
| Mr. Dinesh Gopi | Mc Anatomy |



## പുതിയ ഡോക്ടേഴ്സ് ലോഞ്ച് & OT സ്റ്റാഫ് ഡൈനിംങ് ഏരിയ











# ച്യവനപ്രാശ രസായനം

കാലങ്ങൾക്ക് അതീതമായി നൂറ്റാണ്ടുകളുടെ ചരിത്രം പറയുവാനുള്ള ആയുർവേദം ഇന്നും ചികിത്സാരംഗത്ത് പ്രസക്തമാവാനുള്ള കാരണം പാർശ്വഫലങ്ങൾ ഇല്ലാത്ത ചികിത്സാരീതിയും മരുന്നുകളും ആണ്. പണ്ട് മുതലേ ഉപയോഗിച്ച് വളരെ പ്രചാരത്തിൽ ഉള്ള ഒരു ഔഷധമാണ് ച്യവനപ്രാശം. ആരോഗ്യപരമായ അനേകം ഗുണങ്ങളാൽ സമ്പന്നമായ പച്ചമരുന്നുകൾ മാത്രം ഉള്ള ഔഷധ കൂട്ടാണ് ച്യവനപ്രാശം. കൃത്രിമമായ ചേരുവകൾ ഒന്നും തന്നെ ഉപയോഗിച്ചിട്ടില്ല. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുവാൻ മാത്രമല്ല ഇത് ഒരു നല്ല രസായനം കൂടിയാണ്.

ച്യവന മഹർഷിക്ക് അകാലത്തിൽ നരയും വാർദ്ധക്യവും ശരീര ക്ഷീണവും ഉണ്ടായപ്പോൾ ദേവ വൈദ്യന്മാരായ അശ്വിനി ദേവന്മാർ നിർദ്ദേശിച്ച രസായന ഔഷധമാണ് ച്യവനപ്രാശം എന്നാണ് ഐതിഹ്യം. ച്യവന മഹർഷിയെ യൗവ്വനയുക്തനാക്കിയ ച്യവനപ്രാവശ്യത്തിന്റെ പ്രധാന ചേരുവ നെല്ലിക്കയാണ്. ച്യവനപ്രാശ നിർമ്മാണത്തിനായി 500 പച്ച നെല്ലിക്കയും ദശമൂലത്തിലെ മരുന്നുകളും അഷ്ടവർഗ്ഗത്തിലെ

മരുന്നുകളും നെയ്യ് എള്ളെണ്ണ തേൻ ശർക്കര അല്ലെങ്കിൽ കൽക്കണ്ടം തിപ്പലി പൊടി സുഗന്ധദ്രവ്യങ്ങളുടെ ഉണക്കി പൊടിച്ച പൊടി തുടങ്ങി 49 ഔഷധ ചേരുവകൾ ചേർത്ത് ലേഹ്യ പാകമാക്കി എടുക്കുന്നതാണ് ച്യവനപ്രാശം.

കുട്ടിക്കാലം മുതൽക്കേ നമ്മളിൽ മിക്കവരും കഴിച്ചിട്ടുള്ള ജാം രൂപത്തിൽ ഇരിക്കുന്ന ഔഷധക്കൂട്ടാണ് ച്യവനപ്രാശം. പ്രായലിംഗ ഭേദമന്യേ ആർക്കും ഇത് ഉപയോഗിക്കാൻ ആകും. തവട്ട് കലർന്ന കറുപ്പ് നിറവും ജാം പോലെയുള്ള ച്യവന പ്രാവശ്യത്തിന് മധുരവും പുളിയും നെല്ലിക്കയുടെ നേരിയ ചവർപ്പും കലർന്ന രുചിയാണ് ഉള്ളത്.



ച്യവനപ്രാശത്തിന്റെ രോഗ പ്രതിരോധ ശേഷിയും പുനരുജീവന ഗുണങ്ങളും വഴി വിവിധ ആരോഗ്യപ്രശ്നങ്ങളെ മറികടക്കുവാൻ സാധിക്കും. കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസരിച്ച് ഉണ്ടാകുന്ന വൈറൽ ഫംഗൽ ബാക്ടീരിയൽ ഇൻഫെക്ഷനുകൾ പ്രതിരോധിക്കാനുള്ള ശേഷി ച്യവനപ്രാശം കഴിക്കുന്നതിലൂടെ ലഭിക്കും. ആൻറി ഓക്സിഡന്റുകളും വിറ്റാമിൻ സി മുതലായവ മൂലം സമ്പന്നമാണ് ച്യവനപ്രാശം. പനി ജലദോഷം തൊണ്ടവേദന മറ്റു ശ്വാസകോശസംബന്ധമായ അസുഖങ്ങളിൽ നിന്നും പ്രതിരോധം നൽകുന്നു എന്ന് കാലം തെളിയിച്ചതാണ്. വിവിധ ഔഷധങ്ങളും സുഗന്ധവ്യഞ്ജനങ്ങളുടെ സാന്നിധ്യവും കൊണ്ട് ശക്തമായ ആൻറി ഓക്സിഡൻറ് ഗുണങ്ങൾ കാണിക്കുന്നതിനാൽ കോശങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും യൗവ്വനം നിലനിർത്തുകയും ജരാനരകൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുകയും വാർദ്ധക്യത്തെ അകറ്റുകയും ചെയ്യും.

ദഹന ആരോഗ്യം മെച്ചപ്പെടുത്തി വായു കോപം തടയുന്നതിനും മലബന്ധം അകറ്റുന്നതിനും അസിഡിറ്റി കുറയ്ക്കുന്നതിനും ഇത് സഹായിക്കുന്നു. കഴിക്കുന്ന ഭക്ഷണത്തിലെ പോഷകങ്ങൾ നന്നായി ആഗിരണം ചെയ്യുവാനും സഹായിക്കുന്നു. രക്തത്തെ ശുദ്ധീകരിച്ച് ശരീരത്തിലെ വിഷാംശങ്ങളെ ഇല്ലാതാക്കുവാനും, കരളിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും, ചർമ്മത്തിലെ അണുബാധ മൂലം ഉണ്ടാകുന്ന വിവിധ പാടുകൾക്കെതിരെ പ്രവർത്തിച്ച് ചർമ്മ ആരോഗ്യം സംരക്ഷിക്കുവാനും ഇത് സഹായിക്കുന്നു.

ഹൃദയാരോഗ്യം സംരക്ഷിക്കുവാനായി അമ്മുക്കുരം, നീർമരുത് എന്നീ മരുന്നുകൾ ഉള്ളതുകൊണ്ട് മനസ്സിനെ ശാന്തമാക്കി ഹൃദയപേശികൾക്ക് ബലവും ഉറപ്പും ഊർജ്ജവും നൽകുന്നു. കൊളസ്ട്രോൾ അടിഞ്ഞുകൂടാതെയും രക്ത ധമനികൾ കട്ടിവെക്കുന്നതിനുമുള്ള സാധ്യത കുറയ്ക്കും.



പുരുഷന്മാരിൽ സന്താനോൽപാദനശേഷി വർദ്ധിപ്പിക്കുവാനും, സ്ത്രീകളിൽ ആർത്തവ ക്രമക്കേടുകൾ പരിഹരിക്കുന്നതിനും, പ്രസവിച്ച സ്ത്രീകളിൽ മുലപ്പാലിന്റെ ഗുണങ്ങൾ മെച്ചപ്പെടുത്തുന്നതിനും ച്യവന പ്രാശം ഉപയോഗിച്ച് വരുന്നു.

കുട്ടികളിൽ ഇടവിട്ട് വരുന്ന പനി, ജലദോഷം, തൊണ്ടവേദന, ചുമ, വിശപ്പില്ലായ്മ എന്നിവയ്ക്ക് ച്യവന പ്രാശലേഹ്യം കുറച്ചു കാലഘട്ടം അടുപ്പിച്ച് നൽകിവരുന്നു. കുട്ടികളിൽ ആരോഗ്യകരമായ തൂക്കവും പുഷ്ടിയും രക്തപ്രസാദവും ഉണ്ടാകുന്നതിനു വേണ്ടിയും അവരുടെ പാഠ്യ പാഠ്യേതര കഴിവുകൾ മെച്ചപ്പെടുന്നതിന് വേണ്ടിയും, ബുദ്ധി, ഓർമ്മ ഉത്തേജിപ്പിക്കുനതിന് വേണ്ടിയും ച്യവനപ്രാശം നൽകി വരാറുണ്ട്.

ദീർഘനാളത്തെ ശാരീരിക മാനസിക അധ്വാനത്തിനു ശേഷവും, നീണ്ടുനിന്ന രോഗാവസ്ഥയും ചികിത്സയും കഴിഞ്ഞ അവസ്ഥയിലും ക്ഷീണിച്ച ധാതുക്കളെ ശക്തിപ്പെടുത്തുവാനും പഴയ ഊർജ്ജം വീണ്ടെടുക്കുവാനുമായി ച്യവനപ്രാശം രസായനമായി നൽകാറുണ്ട്.

രോഗികൾക്കും ആരോഗ്യവാൻമാർക്കും നൂറു ദിവസം അടുപ്പിച്ച് ച്യവനപ്രാശം ഒരു നേരം കഴിക്കുവാൻ നിർദ്ദേശിക്കാറുണ്ട്. പ്രാതലിന് അരമണിക്കൂർ മുമ്പ് നിശ്ചയിച്ച അളവിൽ ലേഹ്യം കഴിച്ചതിന് ശേഷം അനുപാനമായി മീതെ ജീരക വെള്ളമോ പാലോ കഴിക്കാൻ പറയാറുണ്ട് അല്ലെങ്കിൽ രാത്രി കിടക്കുന്നതിനു മുമ്പ് നിശ്ചയിച്ച അളവിൽ ലേഹ്യം കഴിച്ചതിനുശേഷം മീതെ ഒരു ഗ്ലാസ് ചുട് പാൽ കഴിക്കാൻ നിർദ്ദേശിക്കാറുണ്ട്.



ച്യവനപ്രാശം കഴിച്ചാൽ അമിതവണ്ണം വരുമെന്ന ധാരണ തെറ്റാണ്. ഇതിലെ നെയ്യാണ് പലരെയും പേടിപ്പിക്കുന്ന ഒരു ഘടകം. ഒരു മരുന്ന് കൂട്ടുകെട്ടിന്റെ സന്തുലതാവസ്ഥയ്ക്ക് അത്യാവശ്യമായ ശുദ്ധമായ നെയ് മാത്രമേ യോഗത്തിൽ ചേർക്കാറുള്ളൂ. ട്രാൻസ് ഫാറ്റ്കൾ ഒന്നും തന്നെ ഇല്ല. ഇതുമൂലം അമിത കൊഴുപ്പ് കുറയുകയേ ഉള്ളൂ. മീതെ പാൽ കുടിക്കുവാൻ നിർദ്ദേശിക്കുന്നതും ഈ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് വേണ്ടിയാണ്. പക്ഷേ ലേഹ്യം കഴിക്കേണ്ട അളവ് പല പ്രായക്കാർക്കും വ്യത്യസ്തമാണ്, കൂടെ കഴിക്കേണ്ട അനു പാനം പല രോഗാവസ്ഥയ്ക്ക് അനുസരിച്ച് പലതാണ്. ഇത് നിശ്ചയിക്കാൻ ഒരു ആയുർവേദ ഡോക്ടറുടെ സഹായം തേടുന്നത് ഉചിതമായിരിക്കും.

**ഡോ. ഹാർവിൻ ജോർജ്ജ്**
കൺസൾട്ടന്റ്, ജൂബിലി ആയുർവേദ
മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul



അമ്മയെ
മഹത്വപ്പെടുത്തുന്നവൻ
നിക്ഷേപം
കൂട്ടിവയ്ക്കുന്നു.

(പ്രഭാ. 3:4)


Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE